സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 267 2026 ഫെബ്രുവരി 04 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

### വിദ്യാർത്ഥികളുമായി പോയ ഓട്ടോറിക്ഷ കയറിയിറങ്ങി സ്ഫോടക വസ്തു പൊട്ടിത്തെറിച്ചു

തൃശ്ശൂർ: ഓട്ടോറിക്ഷ കയറിയിറങ്ങി സ്ഫോടക വസ്തു പൊട്ടിത്തെറിച്ചു. ഒറ്റപ്പാലം തൃക്കങ്ങോട് സ്ക്കൂൾ വിദ്യാർത്ഥികളുമായി പോയ ഓട്ടോറിക്ഷയാണ് സ്ഫോടക വസ്തുവിൽ കയറി ഇറങ്ങിയത്. തൃക്കങ്ങോട് വിവേകാനന്ദ - ചാത്തൻ പറമ്പ് റോഡിൽ രാവിലെ 9.30-ഓടെയാണ് സംഭവം. മനിശ്ശേരി എ.യു.പി സ്കൂളിലെ വിദ്യാർത്ഥികളുമായി പോവുകയായിരുന്ന ഓട്ടോറിക്ഷയാണ് അപകടത്തിൽപ്പെട്ടത്. പൊട്ടിത്തെറിയിൽ ഓട്ടോറിക്ഷയുടെ ചക്രം നിൽക്കുന്ന ഭാഗം തകർന്നു. അപകടത്തിൽ നിന്ന് വിദ്യാർത്ഥികൾ അത്ഭുതകരമായാണ് രക്ഷപ്പെട്ടത്.

# മൂന്നാമതും പിണറായി സർക്കാർ വരും

## വിരട്ടലൊന്നും വേണ്ട, ചിലത് പറഞ്ഞാൽ മുണ്ട് തലയിലിട്ട് പോകേണ്ടി വരും: മന്ത്രി ശിവൻകുട്ടി



തിരു : നിയമസഭയിൽ ഭരണ-പ്രതിപക്ഷ അംഗങ്ങൾ തമ്മിൽ ഇന്നും വാക്പോര്. സഭാ നടപടികളോട് സഹകരിക്കാതെ പ്രതിപക്ഷം ഇറങ്ങിപ്പോയി. കഴിഞ്ഞ ദിവസം നടന്ന നാടകീയ സംഭവങ്ങളുടെ തുടർച്ചയായിരുന്നു ഇന്നും സഭയിൽ അരങ്ങേറിയത്. സ്പീക്കറുടെ ഡയസിലേക്ക് ചാടിക്കയറാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് മന്ത്രിമാരും പ്രതിപക്ഷ നേതാവും തമ്മിൽ വാക്കേറ്റമുണ്ടായി. പ്രതിപക്ഷാംഗങ്ങൾ വാച്ച് ആൻഡ് വാർഡിനെ വടികൊണ്ട് അടിച്ചു എന്ന മുഖ്യമന്ത്രിയുടെ കഴിഞ്ഞ ദിവസത്തെ പരാമർശം തെറ്റാണെന്നും അത് പിൻവലിക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. എന്നാൽ മുഖ്യമന്ത്രിയുടെ ആരോപണത്തെ സ്പീക്കർ ശരിവെച്ചു. വാച്ച് ആൻഡ് വാർഡിനെ ഒരു അംഗം അടിച്ചുവെന്നും അദ്ദേഹത്തിന് മോശമാകുന്നത് കൊണ്ടാണ് പേര് പറയാത്തതെന്നും സ്പീക്കർ എ.എൻ.ഷംസീർ പറഞ്ഞു.

സഭയിൽ തങ്ങൾ യാതൊരുവിധ കോപ്രായങ്ങളും നടത്തിയിട്ടില്ലെന്നും ബാനറുകൾ ഉയർത്തി പ്രതിഷേധിക്കുന്നത് നിയമസഭയിൽ ആദ്യമായല്ലെന്നും വി.ഡി. സതീശൻ പറഞ്ഞു. മന്ത്രിമാർ മൈക്ക് ലഭിക്കുമ്പോൾ സോണിയ ഗാന്ധിയെയും പ്രിയങ്ക ഗാന്ധിയെയും അധിക്ഷേപിക്കുന്നുവെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

തന്നെ പ്രതിപക്ഷം അന്ധനെപ്പോലെയാക്കിയെന്ന് സ്പീക്കറുടെ വാദത്തെ മന്ത്രി എം.ബി.രാജേഷ് പിന്തുണച്ചു. കഴിഞ്ഞ കുറേ ദിവസമായി സ്പീക്കറെ അന്ധനാക്കുകയാണ്. സ്പീക്കറുടെ ഡയസിലേക്ക് ചാടി കയറിയ അംഗം ഹൈജംപിന് പോയി പരിശീലിച്ചിരുന്നെങ്കിൽ നാടിന് വല്ല ഗുണവും ഉണ്ടാകുമായിരുന്നുവെന്ന് എം.ബി.രാജേഷ് പറഞ്ഞു. ഗാന്ധാരിയെ പോലെ സ്വയം കണ്ണുകെട്ടുന്നു. പ്രതിപക്ഷ നേതാവ് ഇരട്ടത്താപ്പിന്റെ നേതാവ് കൂടിയായി മാറിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വാക് പോരിനിടെ മൂന്നാമതും പിണറായി സർക്കാർ വരുമെന്ന് പറഞ്ഞ വി.ശിവൻകുട്ടി വിരട്ടലൊന്നും തങ്ങളോട് വേണ്ടെന്നും വ്യക്തമാക്കി. 'ആവശ്യമില്ലാതെ വിരട്ടൽ വേണ്ട, ഞങ്ങൾ ചില കാര്യങ്ങൾകൂടി ഇവിടെ പറഞ്ഞാൽ പലരും മുണ്ട് തലയിലിട്ട് ഇവിടെനിന്ന് പോകേണ്ടി വരും. അതിൽ സംശയംവേണ്ട' ശിവൻകുട്ടി പറഞ്ഞു.

### ശബരിമല സ്വർണക്കൊള്ളയിൽ നിലപാടറിയിച്ച് ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണക്കൊള്ളയിൽ പ്രതികൾ ആരും രക്ഷപ്പെടില്ലെന്ന് ആവർത്തിച്ച് ഹൈക്കോടതി. അന്വേഷണം ശരിയായ ദിശയിലാണ് നടക്കുന്നതെന്നും കോടതി അറിയിച്ചു. കേസിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജികൾ പരിഗണിക്കുന്നതിനിടയിലാണ് ഹൈക്കോടതി ഇക്കാര്യം വ്യക്തമാക്കിയത്. അല്പംകൂടി സമയം നൽകൂവെന്നും ഒരു പ്രതികളും രക്ഷപ്പെടില്ലെന്നും കോടതി പറഞ്ഞു. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖരടക്കമുള്ളവരാണ് ഹർജി സമർപ്പിച്ചത്.

ദേവസ്വം ബോർഡിലെ ഉന്നതർക്കുനേരെ കൃത്യമായ അന്വേഷണം നടക്കുന്നില്ല, സർക്കാരിന്റെ സമ്മർദ്ദമുണ്ട് എന്നീ കാര്യങ്ങൾ ആരോപിച്ചുള്ള ഹർജികൾ പിന്നീട് പരിഗണിക്കാൻ മാറ്റിയിരിക്കുകയാണ്. കേസിൽ കുറ്റപത്രം നൽകാതെ അറസ്റ്റിലായവർക്ക് ജാമ്യം ലഭിച്ചതോടെയാണ് പ്രത്യേക അന്വേഷണ സംഘത്തിനുനേരെ വൻവിമർശനങ്ങൾ ഉയർന്നത്.

കഴിഞ്ഞ ദിവസം ശബരിമല സ്വർണക്കൊള്ള കേസിൽ ശബരിമല മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ് കുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചിരുന്നു.

## കെ എസ് ആർ ടി സി യുടെ 'രഹസ്യം' പറഞ്ഞ് ഗണേഷ് കുമാർ; 'അത് വിഷമമാകും' നിയമസഭയിൽ പരസ്യമായി തിരുത്തി മുഖ്യമന്ത്രി



തിരു: ഗതാഗതമന്ത്രി കെ.ബി.ഗണേഷ് കുമാറിനെ നിയമസഭയിൽ പരസ്യമായി തിരുത്തി മുഖ്യമന്ത്രി പിണറായി വിജയൻ. കെഎസ്ആർടിസിയുടെ റൂട്ടുകൾ സംബന്ധിച്ചുള്ള നയത്തിലാണ് മുഖ്യമന്ത്രി വിയോജിപ്പ് അറിയിച്ചത്. പിന്നാലെ മന്ത്രി കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു.

കെഎസ്ആർസി നഷ്ടത്തിൽ ഓടിയിരുന്നതിന്റെ രഹസ്യം പറയാം എന്ന് പറഞ്ഞുകൊണ്ടാണ് ഗണേഷ് കുമാർ തുടങ്ങിയത്. 'പ്രൈവറ്റ് ബസിന്റെ മുന്നിൽ കയറി ഓടുന്ന ഒരു സ്വഭാവം ഉണ്ടായിരുന്നു കെഎസ്ആർടിസിക്ക്. പ്രൈവറ്റ് ബസുകൾ പുതിയ ബസുകളായിരിക്കും. അവർ മത്സരിച്ച് ഓടാൻ തയ്യാറാണ്. നമ്മുടെ ഡ്രൈവർമാർ അതിന് തയ്യാറല്ല. ഞാൻ മന്ത്രിയായി വന്നപ്പോൾ ആദ്യം തന്നെ ഒരു പോളിസിയുണ്ടാക്കി. പ്രൈവറ്റ് ബസിന്റെ തലയ്ക്കൽ ഓടുന്ന പരിപാടി നിർത്താം. അവരുടേത് ഒരു ബിസിനസ്സാണ്. അവർ നികുതി അടയ്ക്കുന്നവരാണ്. അവർ അത് നടത്തട്ടെ. നമുക്ക് എക്സ്ക്ലൂസീവ് ആയിട്ടുള്ള മലയോര മേഖലകളിലടക്കം സർവീസ് നടത്തിയപ്പോൾ അവിടെ കളക്ഷൻ വർധിച്ചു. അനാവശ്യമായ അനാരോഗ്യകരമായ മത്സരത്തിന് പോകേണ്ട എന്ന തീരുമാനമാണ് കളക്ഷൻ വർധിച്ചതിന്റെ രഹസ്യം. അവരും ബസോടിക്കുന്നു പൈസയുണ്ടാക്കുന്നു. ടാക്സടയ്ക്കുന്നു. നമ്മളൊരു സൈഡിലൂടെ മുന്നേറുന്നു. പ്രൈവറ്റ് ബസുകളോ കെഎസ്ആർടിസിയോ പോകാത്ത റൂട്ടുകളിലേക്ക് നമ്മൾ മാറി' മന്ത്രി പറഞ്ഞു. ഇതോടെയാണ് മുഖ്യമന്ത്രി ഇടപെട്ടത്.

'പ്രൈവറ്റ് ബസ് ഓടുന്ന സ്ഥലത്ത് കെഎസ്ആർടി ബസ് ഓടാതിരിക്കുക എന്നത് മന്ത്രി ഒരു നയമായി പറഞ്ഞതായി തോന്നി. അങ്ങനെ വന്നാൽ അത് വലിയ പ്രയാസം ഉണ്ടാകും. അനാരോഗ്യകരമായ മത്സരം പാടില്ല എന്നത് ശരിയാണ്. അത് ഒഴിവാക്കേണ്ടത് തന്നെയാണ്. പക്ഷേ, കേരളത്തിൽ പ്രൈവറ്റ് ബസ് ഓടുന്ന റൂട്ടുകളിലും കെഎസ്ആർടിസി ബസ് ഓടുന്നുണ്ട്. അവിടുന്നെല്ലാം കെഎസ്ആർടിസി ബസ് പിൻവലിക്കുക എന്ന നയം നമ്മുടെ സർക്കാരിന് സ്വീകരിക്കാനാകില്ല. ആ തരത്തിലേക്ക് പോയാൽ വിഷമമായി മാറും' മുഖ്യമന്ത്രി പറഞ്ഞു.

എന്നാൽ താൻ പറഞ്ഞതിന്റെ അർഥം പ്രൈവറ്റ് ബസ് ഓടുന്ന എല്ലാ സ്ഥലത്ത് നിന്നും മാറികൊടുക്കണം എന്നല്ലെന്നും മന്ത്രി വിശദീകരിച്ചു. അങ്ങനെ മാറി കൊടുക്കില്ല. പ്രൈവറ്റ് ബസിന്റെ കുത്തക തകർത്താണ് കെഎസ്ആർടിസി മുന്നേറുന്നത്. ബെംഗളൂരു റൂട്ടുകളിലൊക്കെ പ്രൈവറ്റ് ബസിനേക്കാൾ കളക്ഷനാണ് നമുക്കുള്ളതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## SIR; വീണ്ടും വക്കീൽകോട്ടണിയാൻ മമത, സുപ്രീം കോടതിയിൽ കേസ് വാദിക്കുന്ന ആദ്യ സിറ്റിങ് മുഖ്യമന്ത്രിയാകും



ന്യൂഡൽഹി: സമഗ്ര വോട്ടർ പട്ടിക തീവ്ര പരിഷ്കരണം ചോദ്യം ചെയ്തുള്ള ഹർജിയിൽ സുപ്രീംകോടതിയിൽ നേരിട്ട് ഹാജരായി വാദിക്കാൻ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. ഇന്ന് മമത സുപ്രീംകോടതിയിൽ നേരിട്ട് ഹാജരാകും. ബംഗാളിലെ എസ്ഐആറിൽ വലിയ ക്രമക്കേട് ആരോപിച്ച് സമർപ്പിച്ച പെറ്റീഷൻ ഇൻ പേഴ്സൺ ഹർജിയിലാണ് നടപടി. കഴിഞ്ഞ ദിവസമായിരുന്നു എസ്ഐആറിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മമത ബാനർജി സുപ്രീംകോടതിയിൽ ഹർജി സമർപ്പിച്ചത്. നേരിട്ട് ഹാജരാകാനും വാദിക്കാനും കോടതിയോട് മമത അനുമതി തേടിയിരുന്നു.

കോടതി അനുമതി ലഭിച്ചാൽ സുപ്രീം കോടതിയിൽ സ്വന്തം കേസ് വ്യക്തിപരമായി വാദിക്കുന്ന ആദ്യത്തെ സിറ്റിങ് മുഖ്യമന്ത്രിയാകും മമത.

പശ്ചിമ ബംഗാളിലെ വോട്ടർ പട്ടിക പുനരവലോകന പ്രക്രിയ പൂർണമായും ഒഴിവാക്കണമെന്നും നിലവിലുള്ള 2025-ലെ വോട്ടർ പട്ടികയെ അടിസ്ഥാനമാക്കി 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പ് നടത്തണമെന്നും ആവശ്യപ്പെടുന്നതാണ് മമതയുടെ ഹർജി. എസ്ഐആർ പ്രക്രിയക്കെതിരേ തൃണമൂൽ കോൺഗ്രസ് നേതാക്കൾ തന്നെ ഇതിനകം സമർപ്പിച്ച നിരവധി ഹർജികൾക്കിടയിലാണ് മമതയുടെ ഹർജിയും പരിഗണിക്കുന്നത്.

2025 ജൂൺ 24-നും 2025 ഒക്ടോബർ 27-നും തിരഞ്ഞെടുപ്പ് കമ്മിഷൻ പുറപ്പെടുവിച്ച എസ്ഐആറുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും റദ്ദാക്കണമെന്നാണ് മമത ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. 2025-ലെ ഇലക്ടറൽ റോൾ മാറ്റമില്ലാതെ ഉപയോഗിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മിഷനോട് നിർദേശിക്കണമെന്ന ആവശ്യവും മമത ഉന്നയിച്ചിട്ടുണ്ട്.

ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. മമത നിയമബിരുദധാരിയാണ്. 1970-ൽ സ്ഥാപിതമായ കൊൽക്കത്തയിലെ ജോഗേഷ് ചന്ദ്ര ചൗധരി കോളജ് ഓഫ് ലോയിൽ നിന്നാണ് മമത നിയമ പഠനം പൂർത്തിയാക്കിയത്. 2003-വരെ അവർ കോടതിയിൽ പ്രാക്ടീസും ചെയ്തിരുന്നു.

## തുടർ ഭരണം ഇടതു തന്നെ: ബിനോയ് വിശ്വം

തൃശൂർ: ജനക്ഷേമ ഭരണം തുടരുന്നതിനാൽ അടുത്ത തിരഞ്ഞെടുപ്പിലും ഇടതുമുന്നണി തന്നെ അധികാരത്തിലെത്തുമെന്ന്; സി.പി.ഐ. സംസ്ഥാന സെക്രട്ടറിയും എൽ.ഡി.എഫ്. വികസന മുന്നേറ്റ ജാഥയുടെ തെക്കൻജാഥാ ക്യാപ്റ്റനുമായ ബിനോയ് വിശ്വം അഭിപ്രായപ്പെട്ടു. ജാഥാംഗങ്ങളൊത്ത് രാമനിലയത്തിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ബിനോയ് വിശ്വം. പരിമിതികൾക്കകത്തു നിന്ന് ജനരക്ഷ ഉറപ്പാക്കിയത് ഇടതു ഭരണം മാത്രമാണ്. യു ഡി.എഫ്. കേരളത്തെ തകർക്കുന്ന നയമാണ് സ്വീകരിക്കനത്. ഒടുവിലത്തെ ഉദാഹരണമാണ് നിയമസഭയിൽ പ്രകടമായത്. ഇടതു പക്ഷം എല്ലാ മത വിശ്വാസങ്ങളും മാനിക്കുന്ന പക്ഷമാണ്. അമേരിക്കയോട് അടിയറവ് പറഞ്ഞ നരേന്ദ്ര മോദി ഇന്ത്യയെ പൂർണ്ണമായും തകർക്കുകയാണെന്നും ബിനോയ് വിശ്വം ആരോപിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നല്ല തമാശക്കാരനായി മാറിയതല്ലാതെ ഒരു ഗുണവും നാടിനുണ്ടായില്ലെന്നും ബിനോയ് കുറ്റപ്പെടുത്തി.

### ബസ് അപകടത്തിൽ വിദ്യാർത്ഥികൾക്ക് പരിക്ക്

കുന്നംകുളം:ഗുരുവായൂർ ശ്രീകൃഷ്ണ കോളജിൽ നിന്ന് പഠനയാത്ര പോയ വിദ്യാർഥികൾ സഞ്ചരിച്ച ബസ് കർണാടക ഹംപിക്ക് സമീപം അപകടത്തിൽപ്പെട്ടു. നിരവധി വിദ്യാർത്ഥികൾക്കും അധ്യാപികയ്ക്കും പരിക്ക്.

## 'പോറ്റിയിൽ നിന്ന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടില്ല'; സ്വർണക്കൊള്ളക്കേസിൽ മുരാരി ബാബുവിന്റെ മൊഴി പുറത്ത്

കൊച്ചി: ശബരിമല സ്വർണക്കൊള്ളക്കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി)ചോദ്യം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിന്റെ മൊഴി പുറത്ത്. കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയിൽ നിന്ന് തനിക്ക് യാതൊരുവിധ സാമ്പത്തിക നേട്ടവും ഉണ്ടായിട്ടില്ലെന്നും അനധികൃതമായി ഒരു രൂപപോലും സമ്പാദിച്ചിട്ടില്ലെന്നുമാണ് മുരാരി ബാബുവിന്റെ മൊഴി.

അതേസമയം, ശബരിമല സ്വർണക്കൊള്ളയിലെ രണ്ടു കേസുകളിലും ഇടക്കാല കുറ്റപത്രം ഉടൻ നൽകാൻ എസ്ഐടി. ഇതിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്ന് പ്രോസിക്യൂഷൻ അനുമതി നേടിയ ശേഷമായിരിക്കും കോടതിയിൽ സമർപ്പിക്കുക. അറസ്റ്റിലായി 90 ദിവസത്തിനകം കുറ്റപത്രം നൽകാത്തതിനാൽ പ്രതികൾക്കെല്ലാം സ്വാഭാവിക ജാമ്യം കിട്ടുന്ന സാഹചര്യമാണിപ്പോൾ. കുറ്റപത്രം വൈകുന്നതിൽ പ്രതിപക്ഷം ആരോപണം കടുപ്പിക്കുകയും ചെയ്തു.

വി.എസ്.എസ്.സിയിൽ നിന്നുള്ള ശാസ്ത്രീയ പരിശോധനാ ഫലം ലഭിച്ചാൽ അതു കൂടി കുറ്റപത്രത്തിനൊപ്പം ഉൾപ്പെടുത്തും. ശബരിമലയിൽ നിന്ന് എത്രത്തോളം സ്വർണം കൊള്ളയടിച്ചെന്ന് ഈ റിപ്പോർട്ട് ലഭിച്ചാലേ ഉറപ്പിക്കാനാവൂ. കരട് കുറ്റപത്രം നിയമോപദേശത്തിന് അയയ്ക്കും. മാർച്ച് ആദ്യ വാരത്തോടെ കോടതിയിൽ സമർപ്പിക്കും.

## ഉണ്ണികൃഷ്ണൻ പോറ്റിയുടെ ജാമ്യാപേക്ഷ വിധി പറയാൻ മാറ്റി; റിമാൻഡിൽ തുടരും



കൊച്ചി: ശബരിമല സ്വർണ്ണക്കൊള്ളക്കേസ് മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ ജാമ്യാപേക്ഷ വിധി പറയാൻ മാറ്റി. 14 ദിവസം കൂടി റിമാൻഡിൽ തുടരും. അറസ്റ്റ് ചെയ്തു 90 ദിവസമായിട്ടും കുറ്റപത്രം സമർപ്പിക്കാത്തതിനാൽ സ്വാഭാവിക ജാമ്യത്തിനു അർഹതയുണ്ടെന്നായിരുന്നു ഹർജിയിലെ വാദം. കഴിഞ്ഞ ദിവസം സമർപ്പിച്ച ഹർജി കൊല്ലം വിജിലൻസ് കോടതി ഇന്നത്തേക്ക് പരിഗണിക്കാൻ മാറ്റുകയായിരുന്നു. ദ്വാരപാലക, ശ്രീകോവിലിനു മുന്നിലെ കട്ടിളപ്പാളി സ്വർണകവർച്ചാ കേസുകളിൽ പ്രതിയായ പോറ്റിക്ക് ആദ്യ കേസിൽ സ്വാഭാവിക ജാമ്യം ലഭിച്ചിരുന്നു. കട്ടിളപ്പാളി കേസിലും കൂടി ജാമ്യം ലഭിച്ചിരുന്നെങ്കിൽ പോറ്റിക്ക് പുറത്തിറങ്ങാൻ കഴിയുമായിരുന്നു.

അതേസമയം, ശബരിമലയിലെ സ്വർണം പതിച്ച ചെമ്പുപാളികൾ അതേപടി മാറ്റിയതിന് സ്ഥിരീകരണമില്ലെന്നും പാളികളിലെ സ്വർണം ഉരുക്കി വേർതിരിച്ചെടുത്തിരിക്കാമെന്നും ശാസ്ത്രീയ പരിശോധന നടത്തിയ വിഎസ് എസ്സിയിലെ ശാസ്ത്രജ്ഞർ പ്രത്യേക അന്വേഷണ സംഘത്തെ (എസ്ഐടി) അറിയിച്ചു. ഇതോടെ, പാളികൾ അതേപടി സംസ്ഥാനത്തിനു പുറത്തുള്ള ചിലർക്ക് വിറ്റെന്ന സംശയം അപ്രസക്തമാണെന്ന നിഗമനത്തിലാണ് എസ്ഐടി. യഥാർഥ പാളികൾ വിറ്റ് പകരം അതേ മാതൃകയിൽ ചെമ്പുപാളിയുണ്ടാക്കി അതിൽ സ്വർണം പൂശി തിരികെ വച്ചെന്ന സംശയം അന്വേഷണസംഘത്തിനുണ്ടായിരുന്നു.

വിഎസ്എസ്സി നൽകിയ പരിശോധനാഫലത്തിൽ പാളികളുടെ രാസഘടനയിൽ വ്യത്യാസമെന്നു സൂചിപ്പിച്ചത് പാളികൾ മാറ്റിയതിന്റെ സൂചനയായിട്ടാണ് എസ്ഐടി ആദ്യം വിലയിരുത്തിയത്. ഇത് ഹൈക്കോടതിയിൽ റിപ്പോർട്ടായി നൽകുകയും ചെയ്തു. വിദേശത്തക്കു കടത്തിയോ എന്ന സംശയം കോടതിയിലും ഉയർന്നു. സമാനമായ രീതിയിൽ കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയോട് ദുബായ് വ്യവസായി പറഞ്ഞതും പുറത്തുവന്നു. ഇതിൽ അന്വേഷണം നടത്തിയ എസ്ഐടി ഡിണ്ടിഗൽ സ്വദേശി ഡി.മണിയെയും സഹായി ശ്രീകൃഷ്ണനെയും ചോദ്യം ചെയ്തിരുന്നു.

സ്വർണപ്പാളികൾ ഇത്തരത്തിൽ കൊണ്ടു പോയിട്ടുണ്ടോ എന്ന് ഉറപ്പിക്കാനാണ് ഹൈക്കോടതി നിർദേശപ്രകാരം പരിശോധന നടത്തിയ വിഎസ് എസ്സിയിലെ ശാസ്ത്രജ്ഞരുടെ മൊഴിയെടുത്തത്. എന്നാൽ പാളി മാറ്റിയെന്നു സ്ഥിരീകരിക്കാൻ തെളിവില്ലെന്നാണ് ശാസ്ത്രജ്ഞരുടെ മൊഴി. ശബരിമലയിൽ ഇപ്പോഴുള്ളത് 1998ൽ യുബി ഗ്രൂപ്പ് സ്വർണം പൊതിഞ്ഞ പഴയ പാളികൾ തന്നെയാവാം. പാളികൾക്കു ഘടനാവ്യത്യാസമുണ്ടായത് മെർക്കുറിയും അനുബന്ധ ലായനികളും ചേർത്ത് ഉരുക്കിയപ്പോൾ സംഭവിച്ചതാവാം.

ഇതോടെ, പാളികളിലെ സ്വർണം ഉരുക്കി വേർതിരിച്ചെടുക്കുകയും പകരം കുറഞ്ഞ അളവിൽ സ്വർണം പൂശുകയും ചെയ്തു എന്ന നിഗമനമാണ് ഉയരുന്നത്. ഉണ്ണിക്കൃഷ്ണൻ പോറ്റിയും പങ്കജ് ഭണ്ഡാരിയും ഉൾപ്പടെയുള്ള പ്രതികൾ ഇക്കാര്യം നേരത്തേ തന്നെ സമ്മതിച്ചിരുന്നു. ഇത്തരത്തിൽ എത്ര സ്വർണം വേർതിരിച്ചെടുത്തുവെന്നാണ് ഇനി അറിയേണ്ടത്. അതിനുള്ള താരതമ്യ പരിശോധന വിഎസ്എസ്സിയിൽ തുടരുകയാണ്. ആ ഫലവും ലഭിക്കുന്നതോടെ കേസിൽ വ്യക്തതയുണ്ടാകുമെന്നും കുറ്റപത്രത്തിലേക്ക് കടക്കാമെന്നുമാണ് എസ്ഐടി കരുതുന്നത്.

### നമ്പർ ബ്ലോക്ക് ചെയ്തതിനെ ചൊല്ലി തർക്കം; കാമുകനെ യുവതി കുത്തിക്കൊന്നു

ബിലാസ്പുർ: മൊബൈൽ നമ്പർ ബ്ലോക്ക് ചെയ്തതിനെ തുടർന്ന് കാമുകന്റെ വീട്ടിലെത്തി യുവതി കുത്തിക്കൊന്നു. ഛത്തീസ്ഗഡിലെ ബിലാസ്പുരിലാണ് സംഭവം. കംത പ്രസാദ് സൂര്യവംശി (25) യാണ് കൊല്ലപ്പെട്ടത്. ഹോട്ടൽ ജീവനക്കാരൻ ആയിരുന്നു. സംഭവത്തിൽ കാമുകിയായിരുന്ന റോഷ്നി സൂര്യവംശി(22)യെ പൊലീസ് അറസ്റ്റ് ചെയ്തു.

6മാസം മുൻപ് ഇൻസ്റ്റഗ്രാമിലൂടെയാണ് റോഷ്നിയെ പ്രസാദ് പരിചയപ്പെട്ടത്. സൗഹൃദം മെല്ലെ പ്രണയമായി. കഴിഞ്ഞ ശനിയാഴ്ച മുതൽ പ്രസാദ് റോഷ്നിയുമായി അകലം പാലിക്കാൻ തുടങ്ങി. തുടർന്ന് നമ്പർ ബ്ലോക്ക് ചെയ്തു. ഇതോടെ റോഷ്നിക്ക് ആകെ സംശയമായി. മറ്റേതെങ്കിലും പെൺകുട്ടിയുമായി പ്രണയത്തിലായതോടെയാണോ തന്നെ ഉപേക്ഷിച്ചതെന്നായിരുന്നു സംശയം. ഇത് ബലപ്പെട്ടതോടെ പ്രസാദ് താമസിക്കുന്ന വീട്ടിലേക്ക് ബാഗിൽ കത്തിയും ഒളിപ്പിച്ച് റോഷ്നി എത്തി. പ്രസാദ് വാതിൽ തുറന്നതും റോഷ്നി മൊബൈൽ ഫോൺ ആവശ്യപ്പെട്ടു. പ്രസാദ് നൽകാതിരുന്നതോടെ വാക്കേറ്റമായി. ഇതോടെ കൈയിൽ കരുതിയിരുന്ന കത്തിയെടുത്ത് റോഷ്നി പ്രസാദിന്റെ നെഞ്ചിൽ കുത്തുകയായിരുന്നു. ബഹളം കേട്ട് ഓടിയെത്തിയ സുഹൃത്താണ് പ്രസാദ് നെഞ്ചിൽ നിന്ന് ചോരവാർന്ന് കിടക്കുന്നത് കണ്ടത്. ഉടൻ തന്നെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും വഴിയിൽ വച്ച് മരിക്കുകയായിരുന്നു. പ്രസാദിന്റെ മൃതദേഹം പോസ്റ്റുമോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

### സവാള ലോഡുമായി പോയിരുന്ന ലോറി ഇലക്ട്രിസിറ്റി പോസ്റ്റ് ഇടിച്ചു തകർത്തു

കാട്ടൂർ: പെരിഞ്ഞനം സെൻററിൽ ഇന്ന് രാവിലെ ആറേമുക്കാലോടെയായിരുന്നു അപകടം. കർണാടകയിൽ നിന്നും എറണാകുളത്തേക്ക് ലോഡുമായി പോയ ലോറിയാണ് അപകടത്തിൽപ്പെട്ടത്. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടത്തിന് കാരണമെന്ന് പറയുന്നു, ആർക്കും പരിക്കില്ല. പോസ്റ്റ് റോഡിൽ കുറുകെ വീണതിനാൽ കുറച്ചുനേരം ഗതാഗതതടസ്സം ഉണ്ടായിരുന്നു. അപകടത്തെതുടർന്ന് സെന്ററിൽ വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. സവാള നിറച്ച നിരവധി ചാക്കുകൾ റോഡിൽ വീണു റോഡ് നിറയെ സവാളയായിരുന്നു

## സർക്കാർ ഓഫീസുകൾ ഇനി 5 ദിവസം മാത്രം? നിർണായക യോഗം വെള്ളിയാഴ്ച

തിരു : കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവൃത്തിദിനം അഞ്ച് ആക്കുന്നത് സംബന്ധിച്ച് വീണ്ടും സർവീസ് സംഘടനകളുടെ യോഗം വിളിച്ച് ചീഫ് സെക്രട്ടറി. വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ഓൺലൈനിലാണ് യോഗം. നേരത്തെ മാറ്റിവച്ച യോഗമാണ് ഇപ്പോൾ ചേരുന്നത്. ഓരോ സംഘടനയിൽ നിന്നും ഒരു പ്രതിനിധിയെ പങ്കെടുപ്പിക്കാനാണ് ചീഫ് സെക്രട്ടറിയുടെ നിർദേശം.

പ്രവൃത്തിദിനം ആറിൽ നിന്ന് അഞ്ചാക്കണമെന്ന് ഭരണ പരിഷ്കാര കമ്മിഷനും ശമ്പള കമ്മിഷനും ശുപാർശ ചെയ്തിരുന്നു. പകരം ഒരു മണിക്കൂർ ജോലിസമയം കൂട്ടണമെന്നാണ് നിർദ്ദേശം. ഒരു മണിക്കൂർ ജോലി കൂട്ടുന്നതിനെ സർവീസ് സംഘടനകൾ എതിർക്കുന്നില്ല,? എന്നാൽ പൊതുഅവധി ദിനങ്ങൾ കുറയ്ക്കണമെന്ന നിർദ്ദേശത്തോടാണ് സംഘടനകൾ എതിർപ്പ് ശക്തമാക്കുന്നത്.

മുമ്പ് മാസത്തിലെ രണ്ടാം ശനിക്കൊപ്പം നാലാം ശനി കൂടി അവധിയാക്കുന്നതിനെ കുറിച്ച് ആലോചനയുണ്ടായിരുന്നു. എന്നാൽ ജീവനക്കാരുടെ കാഷ്വൽ ലീവ് കുറയുമെന്ന നിർദേശം വച്ചതോടെ സംഘടനകൾ എതിർപ്പുമായി രംഗത്തെത്തി. ഇതിൽ നിന്ന് വ്യത്യസ്തമായി എല്ലാ ശനിയും ഞായറും അവധിയാക്കും വിധമാണ് പുതിയ ശുപാർശ.

നിലവിൽ ഏഴുമണിക്കൂറാണ് സർക്കാർ ഓഫീസുകളുടെ പ്രവർത്തന സമയം. നഗരങ്ങളിൽ 10.15 മുതൽ വൈകിട്ട് 5.15 വരെയും മറ്റിടങ്ങളിൽ 10 മുതൽ അഞ്ചുവരെയുമാണ്. പ്രവൃത്തി ദിവസങ്ങളിൽ കാലത്തും വൈകിട്ടുമായി പ്രവൃത്തി സമയം ഒന്നരമണിക്കൂർ കൂടി ദീർഘിപ്പിച്ചാൽ ഏഴര മണിക്കൂർ ലഭിക്കും.

ശനിയാഴ്ചത്തെ അവധിക്ക് ഇത് പകരമാവുകയും ചെയ്യും. അങ്ങനെയെങ്കിൽ നിലവിൽ രാവിലെ 10.15ന് തുടങ്ങുന്ന ഓഫീസുകൾ 9.15നോ 9.30നോ ആരംഭിക്കണം. വൈകിട്ട് 5.15 എന്നത് 5.30 അല്ലെങ്കിൽ 5.45 ആക്കേണ്ടിവരും. സംസ്ഥാനത്തെ സ്കൂൾ സമയമടക്കമുള്ള ഘടകങ്ങൾ ഇക്കാര്യത്തിൽ പരിഗണിക്കണം.

## സി ജെ റോയിയുടെ മരണത്തിൽ സിനിമാ മേഖലയിലുള്ളവരിലേയ്ക്കും അന്വേഷണം; കുറിപ്പിൽ പ്രമുഖ രാഷ്ട്രീയ നേതാവിന്റെ പേരും



ബംഗളൂരു: കോൺഫിഡന്റ് ഗ്രൂപ്പ് ചെയർമാൻ സി ജെ റോയിയുടെ മരണവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പുറത്ത്. റോയ് ആറുമാസമായി കടുത്ത മാനസിക സമ്മർദ്ദത്തിലായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ അന്വേഷണ സംഘം കണ്ടെത്തിയതായാണ് വിവരം. റോയിക്ക് കട ബാദ്ധ്യതകളില്ല.

ദുബായിലും കേരളത്തിലുമുള്ള റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾക്കായി രാഷ്ട്രീയ നേതാക്കളിൽ നിന്നും സിനിമാ മേഖലയിൽ നിന്നുള്ളവരിൽ നിന്നും നിക്ഷേപം സ്വീകരിച്ചിരുന്നു. കേന്ദ്ര ഏജൻസികളുടെ വലയിൽ റോയ് കുടുങ്ങിയേക്കുമെന്ന സംശയത്തിൽ ചില നിക്ഷേപകർ പണം തിരിച്ച് ചോദിച്ചത് കൂടുതൽ സമ്മർദ്ദത്തിനിരയാക്കിയെന്നും വിവരമുണ്ട്. റോയി എഴുതിയ കുറിപ്പിൽ നിക്ഷേപകരുടെ വിശദാംശങ്ങളുണ്ട്.


പല ഇടപാടുകളുടെയും സ്രോതസ് വെളിപ്പെടുത്താനാകാത്തത് റോയിയെ കടുത്ത സമ്മർദ്ദത്തിലാക്കിയെന്നും ഇതാണ് കടുത്ത തീരുമാനത്തിലേയ്ക്ക് നീങ്ങാൻ കാരണമായതെന്നുമാണ് സംശയിക്കുന്നത്. കൊച്ചിയിൽ കഴിഞ്ഞ വർഷം അദ്ദേഹം നടത്തിയ ഫ്ളാറ്റ് ഇടപാടുകളിലേക്കും അന്വേഷണം വ്യാപിപ്പിക്കുകയാണ്. കൊച്ചിയിലെ 156 ഫ്ളാറ്റുകൾ വളരെ വില കുറച്ചു കാട്ടി വിറ്റെന്ന സംശയമാണ് ആദായ നികുതി റെയ്ഡിലേക്ക് നയിച്ചതെന്നു കരുതുന്നു.

മരണത്തിന് തൊട്ടുമുമ്പ് ആരെയൊക്കെ റോയ് വിളിച്ചിരുന്നു എന്നറിയാൻ ഫോൺകാൾ വിവരങ്ങൾ പരിശോധിച്ചുവരികയാണ്. ഡയറിലെ 9പേജുകളിലായി എഴുതിയ ആത്മഹത്യാ കുറിപ്പിൽ പ്രമുഖ രാഷ്ട്രീയ നേതാവിന്റെ പേരുണ്ടെന്ന അഭ്യൂഹവും പരന്നിട്ടുണ്ട്. റോയിക്ക് കടുത്ത മാനസിക വിഷമതകൾ ഉണ്ടായിരുന്നോയെന്നും അന്വേഷണ സംഘം പരിശോധിക്കുന്നുണ്ട്. ജീവനൊടുക്കുന്നതിന് മുമ്പുള്ള ദിനങ്ങളിൽ ജയനഗറിലെ ഒരു ഡോക്ടറെയും റോയി സന്ദർശിച്ചിരുന്നുവെന്നും വിവരമുണ്ട്.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## മയിലാട്ടുംപാറയിൽ കാട്ടാന ആക്രമണത്തിൽ യുവാവിന് ദാരുണാന്ത്യം



പീച്ചി. മയിലാട്ടുംപാറയിൽ കാട്ടാനയുടെ ആക്രമണത്തിൽ യുവാവിന് ദാരുണാന്ത്യം. തോട്ടുംകര പുത്തൻവീട്ടിൽ ഷാജി - സാലി ദമ്പതികളുടെ മകൻ ഷിജോ (32) ആണ് മരിച്ചത്. വൈകിട്ട് അഞ്ചരയോടെ ആടിനെ തീറ്റാൻ കാടിനുള്ളിൽ പോയ സമയത്താണ് ആക്രമിക്കപ്പെട്ടത്. വൈകിട്ട് 7 മണിയോടെയാണ് സംഭവം പ്രദേശവാസികൾ അറിയുന്നത്. തുടർന്ന് നടത്തിയ തിരച്ചിലിൽ കാടിനുള്ളിൽ നിന്നും മൃതദേഹം കണ്ടെത്തി. രാത്രി പത്തരയോടെ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി.

വർഷങ്ങളായി ഈ മേഖലയിൽ കട്ടാന ശല്യം രൂക്ഷമാണ്. കാട്ടാന ആക്രമണത്തിൽ നിന്നും ജനങ്ങളുടെ ജീവന് സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി പരാതികൾ നൽകിയിട്ടും അധികൃതർ നടപടികൾ സ്വീകരിച്ചില്ലെന്ന് നാട്ടുകാർ പറഞ്ഞു.

## ഒല്ലൂർ ഫിലിം ക്ലബ്ബ് രൂപീകരണ യോഗം ഇന്ന്

ഒല്ലൂർ: കോർപ്പറേഷൻ ഒല്ലൂർ സോണിലെ 8 ഡിവിഷനുകളിലെ കൗൺസിലർമാരുടെ സഹകരണത്തോടെ ആരംഭിക്കുന്ന ഒല്ലൂർ ഫിലിം ക്ലബിന്റെ രൂപീകരണ യോഗം ഇന്ന് ബുധനാഴ്ച 5 മണിക്ക് ഒല്ലൂർ വ്യാപാര ഭവൻ ഹാളിൽ നടക്കുന്നതാണെന്ന് കൗൺസിലർമാരായ പോളി ജോസ് രശ്മി ഉണ്ണികൃഷ്ണൻ എന്നിവർ അറിയിച്ചു. യോഗം എം.പി. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. ചെറിയാൻ ജോസഫ് പരിപാടികൾ വിശദീകരിക്കും

## ഷോക്കേറ്റ് ഇലക്ട്രീഷ്യൻ മരിച്ചു



കുന്നംകുളം: കൂനംമൂച്ചി സ്കൂളിൽ ആനിവേഴ്സറി പ്രമാണിച്ച് ഇന്നു പുലർച്ചെ ഇലക്ട്രിക്കൽ വർക്ക് നടക്കുമ്പോൾ സ്റ്റേജിന്റെ തൂണിന്റ മുകളിൽ വച്ച് ഇലക്ട്രീഷ്യൻ മരിച്ചു. ഫയർഫോഴ്സ് വന്നാണ് ബോഡി ഇറക്കിയത്. ബോഡി ചൂണ്ടൽ ഹോസ്പിറ്റലിൽ ഉണ്ട്. ഫിക്സ് ആണോ ഷോക്കേറ്റതാണോ എന്നത് പോസ്റ്റമോർട്ടം ചെയ്തതിനുശേഷമെ അറിയൂ. കൂനംമൂച്ചി സ്കൂളിലെ ഇന്നത്തെ ആനിവേഴ്സറി ആഘോഷം മാറ്റിവെച്ചിരിക്കുന്നു. സ്കൂളിനും ഇന്ന് അവധി പ്രഖ്യാപിച്ചിരിക്കുന്നു

## മികച്ച ഏജൻസി; 27-ാം തവണയും വളപ്പില ഒന്നാമത്

തൃശൂർ: 2024-'25 സാമ്പത്തിക വർഷത്തിൽ മാതൃഭൂമി പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും കൂടുതൽ പരസ്യം നൽകിയ കേരളത്തിലെ പരസ്യ ഏജൻസികൾക്കുള്ള മാതൃഭൂമി റവന്യൂ അവാർഡ്സിൽ തുടർച്ചയായി 27-ാം തവണയും വളപ്പില കമ്മ്യൂണിക്കേഷൻസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ദൃശ്യ കമ്മ്യൂണിക്കേഷൻസ് രണ്ടാം സ്ഥാനവും, ഏജീസ് കമ്മ്യൂണിക്കേഷൻസ് മൂന്നാം സ്ഥാനവും സ്വന്തമാക്കി. തിരുവനന്തപുരത്ത് നടന്ന ഇന്ത്യയിലെ ഏറ്റവും വലിയ ലിറ്ററി ഫെസ്റ്റിവലായ 'I' ഫെസ്റ്റ് 2026 ൽ മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം.വി ശ്രേയാംസ് കുമാറിൽ നിന്നും വളപ്പില കമ്മ്യൂണിക്കേഷൻസ് മാനേജിംഗ് ഡയറക്ടറായ ജോൺസ് വളപ്പില, ജെയിംസ് വളപ്പില, ഡയറക്ടർമാരായ പോൾ വളപ്പില, ലിയോ വളപ്പില എന്നിവർ സംയുക്തമായി ഏറ്റുവാങ്ങി.

മാതൃഭൂമി ഡയറക്ടർ-ഓപ്പറേഷൻസ് ദേവിക ശ്രേയാംസ് കുമാർ, മാതൃഭൂമി മീഡിയ സൊല്യൂഷൻസ് വൈസ് പ്രസിഡന്റ് സുദീപ് കുമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ദക്ഷിണേന്ത്യയിൽ നിലവിൽ 9 ശാഖകളുള്ള കേരളത്തിലെ മുൻനിര പരസ്യ ഏജൻസിയാണ് വളപ്പില കമ്മ്യൂണിക്കേഷൻസ്. തൃശൂരിലെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കോർപ്പറേറ്റ് ഓഫീസ് വളപ്പില കമ്മ്യൂണിക്കേഷൻസിന്റെ സേവനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നു.

ബ്രാന്റിംഗ്, മീഡിയ ബയിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഔട്ട്ഡോർ അഡ്വർടൈസിംഗ്, പ്രിന്റ് & പ്രൊഡക്ഷൻ, ഇവന്റ്സ് & പിആർ തുടങ്ങിയ വിഭാഗങ്ങളിലെല്ലാം ഏറ്റവും മികച്ച സേവനങ്ങൾ നൽകി വരുന്ന വളപ്പില കമ്മ്യൂണിക്കേഷൻസ് കേരളത്തിലെ മുഖ്യധാര മാധ്യമങ്ങളുടെ ബിസിനസ് പുരസ്കാരങ്ങളും ഒപ്പം പരസ്യ രംഗത്തെ നിരവധി ക്രിയേറ്റീവ് പുരസ്കാരങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്.



തുടർച്ചയായ 27-ാം വർഷവും മാതൃഭൂമിയുടെ നമ്പർ 1 പരസ്യ ഏജൻസിക്കുള്ള പുരസ്കാരം മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.വി ശ്രേയാംസ് കുമാറിൽ നിന്നും വളപ്പില കമ്മ്യൂണിക്കേഷൻസ് മാനേജിങ് ഡയറക്ടർമാരായ ജോൺസ് വളപ്പില, ജെയിംസ് വളപ്പില, ഡയറക്ടർമാരായ ലിയോ വളപ്പില, പോൾ വളപ്പില തുടങ്ങിയവർ ചേർന്ന് ഏറ്റുവാങ്ങുന്നു. മാതൃഭൂമി ഡയറക്ടർ-ഓപ്പറേഷൻസ് ദേവിക ശ്രേയാംസ് കുമാർ, മാതൃഭൂമി മീഡിയ സൊല്യൂഷൻസ് വൈസ് പ്രസിഡന്റ് സുദീപ് കുമാർ എന്നിവർ സമീപം.

## ഡോ.എ അയ്യപ്പൻ അനുസ്മരണവും അനുമോദനവും



പാവറട്ടി: പ്രശസ്ത നരവംശ ശാസ്ത്രജ്ഞനും മുൻ കേരള സർവകലാശാല വൈസ് ചാൻസലറും പാവറട്ടി മരുതയൂർ ജി യു പി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ആയിരുന്ന ഡോ. എ. അയ്യപ്പന്റെ ജന്മദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിന്റെയും മാക്സ് ഡ്രീം ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ ഫെബ്രുവരി 5-ാം തിയ്യതി രാവിലെ 10 മണിക്ക് വിദ്യാലയത്തിൽ വച്ച് ഡോ. എ. അയ്യപ്പൻ അനുസ്മരണം സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആന്റോലിജോ നിർവഹിക്കുന്നു. മാക്സ് ഡ്രീം ചെയർമാൻ അഡ്വ. സുജിത് അയിനിപ്പുള്ളി അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സ്കൂൾ പ്രധാനാധ്യാപിക മീന ജഗദീഷ് ആമുഖ പ്രഭാഷണം നടത്തും. ഡോ.എ. അയ്യപ്പന്റെ തെരഞ്ഞെടുത്ത ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ച റാഫി നീലങ്കാവിലിനേയും പ്രശാന്ത് മാധവനേയും ആദരിക്കുന്നു. ചടങ്ങിൽ പാവറട്ടി ഗ്രാമ പഞ്ചായത്ത് ഒന്നാം വാർഡ് മെമ്പർ സരിത രാജീവ്, സബീഷ് മരുതയൂർ, സുരേഷ് അമ്പാടി എന്നിവരും അതിഥികൾ ആയെത്തും.

## നിർമ്മാണം പൂർത്തിയായി



കൊച്ചിൻ: ക്യാൻസർ സെന്റർ ഫെ. 9 ന് നാടിന് സമർപ്പിക്കും. 450 കോടി രൂപ മുടക്കിയാണ് ആധുനിക ക്യാൻസർ റിസർച്ച് സെന്റർ നിർമ്മിച്ചത്. 10 ഓപ്പറേഷൻ തീയറ്ററും അതിൽ ഒന്ന് റോബോട്ടിക് തീയറ്ററാണ് 300 കിടക്കകളും 15 ലിഫ്റ്റുകളും 350 ഓളം കാറുകൾ പാർക്ക് ചെയ്യാനുള്ള സൗകര്യങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്

7 ലക്ഷം രൂ ഫീറ്റിലാണ് നിർമ്മാണം കേരളത്തിൽ ആദ്യമായി പ്രോട്ടോൺ തെറാപ്പി നടപ്പിലാക്കുന്നതും ഈ റിസേർച്ച് സെന്ററിലാണ് ക്യാൻസർ കോശങ്ങളെ നശിപ്പിക്കാൻ കീമോയ്ക്ക് പകരം പ്രോട്ടോൺ ബീമുകൾ ഉപയോഗിക്കുന്ന റേഡിയേഷൻ ചികിത്സയാണ് പ്രോട്ടോൺ തെറാപ്പി. ഇതുമൂലം ചുറ്റുമുള്ള കോശങ്ങൾക്ക് കേടുപാട് വരാതെ സഹായിക്കുന്നു

കളമശ്ശേരി കിൻഫ്രാ പാർക്കിന് സമീപമാണ് ഈ സെന്റർ നിർമ്മിച്ചിരിക്കുന്നത് കേരളത്തിന്റെ ആരോഗ്യ ചരിത്രത്തിൽ ഒരു മുതൽക്കൂട്ടായി ഈ ക്യാൻസർ റിസർച്ച് സെന്റർ മാറുമെന്നതിൽ സംശയമില്ല. നവകേരളം മുന്നോട്ട്


## നാടിനെ മുൾമുനയിൽ നിർത്തി കൊമ്പന്റെ പരാക്രമം

പെരിങ്ങോട്ടുകര : നാലു മണിക്കൂറോളം ം നാടിനെ മുൾമുനയിൽ നിർത്തി കൊമ്പന്റെ പരാക്രമം. ഗൗരി നന്ദൻ എന്ന ആനയാണ് തൃപ്രയാർ കിഴക്കേ നട രാജവീഥി റോഡിൽ ഇടഞ്ഞോടി വ്യാപക നാശം വരുത്തിയത്. വീടിന്റെ ഗേറ്റ് തകർത്തു, നിരവധി തെങ്ങുകളും ഇലക്ട്രിക് പോസ്റ്റും മാവും മറിച്ചിട്ടു. ഇന്ന് പുലർച്ചെ നാലു മണിയോടെ എഴുന്നള്ളിപ്പ് കഴിഞ്ഞ് ലോറിയിൽ കൊണ്ടുവന്ന് ഒഴിഞ്ഞ പറമ്പിൽ കെട്ടാൻ കൊണ്ടു വന്നപ്പോഴാണ് ആന ഇടഞ്ഞോടിയത്. റോഡിലൂടെ ഓടിയ ആന സമീപത്തെ അലങ്കാര പറമ്പത്ത് സലാമിന്റെ വീടിന്റെ ഗേറ്റ് തകർത്തു. തുടർന്ന് വീടുകളുടെ ഇടയിലൂടെ ഓടിയ ആന കരിമ്പാടത്ത് താമസിക്കുന്ന സുശാന്തിന്റെ ബൈക്ക് തകർത്തു. പുലർച്ചെയായതിനാൽ ആളുകൾ ഉണർന്നിരുന്നില്ല. ഇതിനിടെ സംഭവമറിഞ്ഞവർ ബഹളം വെച്ചതോടെ ആന ഓടി ചെറുപറമ്പ് പ്രദേശത്ത് എത്തി.

അവിടെ സ്വകാര്യ വ്യക്തിയുടെ പറമ്പിലെ എട്ട് തെങ്ങുകളും സമീപത്തെ ഇലക്ട്രിക് പോസ്റ്റും മറിച്ചിട്ടു. പ്രദേശത്തെ ഒരു മാവും തള്ളിയിട്ടു. ഇതിനിടെ പൊലീസും എലിഫന്റ് സ്ക്വാഡും സ്ഥലത്ത് എത്തിയെങ്കിലും ഏറെ പണിപ്പെട്ട് രാവിലെ ഏഴരയോടെയാണ് ആനയെ തളച്ചത്.

ലോറിയിൽ നിന്ന് ഇറക്കുന്നതിനിടെ മുന്നോട്ട് എടുത്ത ലോറി ആനയുടെ ശരീരത്തിൽ തട്ടിയതോടെയാണ് ഓടിയതെന്നും പറയുന്നു. കഴിഞ്ഞ ദിവസം വയനാട് എഴുന്നള്ളിപ്പ് കൊണ്ട് പോയപ്പോഴും ആന ഇടഞ്ഞ് പരിഭ്രാന്തി സൃഷ്ടിച്ചിരുന്നു. താന്ന്യം ഗ്രാപഞ്ചായത്ത് പ്രസിഡന്റ് എൻ.എ.പീതാംബരൻ, വാർഡ് മെംബർ ശ്രീകേഷ്.എസ്.ചന്ദ്രൻ എന്നിവരും സ്ഥലത്തെത്തിയിരുന്നു. പിന്നീട് ഇടഞ്ഞ ആനയെ വെടിവെച്ച് തളച്ചു

## വാരിയർ സമാജം സ്ഥാപിത ദിനാഘോഷം



ഇരിങ്ങാലക്കുട: സമസ്ത കേരള വാരിയർ സമാജം സ്ഥാപിത ദിനമായ ഫെബ്രുവരി 2 പതാകദിനമായി ആചരിച്ചു. ഇരിങ്ങാലക്കുട യൂണിറ്റ് ആസ്ഥാന മന്ദിരത്തിൽ പ്രസിഡണ്ട് പി.വി. രുദ്രൻ വാരിയർ പതാക ഉയർത്തി. മുൻ മധ്യമേഖല സെക്രട്ടറി എ.സി. സുരേഷ് സ്ഥാപിത സന്ദേശം നൽകി. സെക്രട്ടറി എ. അച്ചുതൻ, എസ്. കൃഷ്ണകുമാർ, ദേവദാസ്, ടി. പത്മാവതി, എ .ചന്ദ്രിക എന്നിവർ പ്രസംഗിച്ചു. മധുര പലഹാരം വിതരണം ചെയ്തു.

## ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സമർപ്പണം ഫെബ്രുവരി 23 നുള്ളിൽ സാധ്യമാക്കും

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2026-27 പദ്ധതി സമർപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി. ജില്ലയിലെ 111 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷ, ഉപാദ്ധ്യക്ഷ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷ, സെക്രട്ടറി, പ്ലാൻ ക്ലാർക്ക് എന്നിവർക്കുള്ള പരിശീലനം കേരള ബാങ്ക് ജവഹർലാൽ കൺവെൻഷൻ സെന്ററിൽ നടന്നു. പരിശീലന പരിപാടി പ്ലാനിംഗ് ബോർഡ് അംഗം ഡോ ജിജു പി അലക്സ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിൽ അധികാര വികേന്ദ്രീകരണം

ഫലപ്രദമായി നടപ്പിലാക്കുന്ന ഏക സംസ്ഥാനമാണ് കേരളം. സംസ്ഥാന ബഡ്ജറ്റിന്റെ 28 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളം കൈമാറുന്നു. സംസ്ഥാന സർക്കാരിന്റെ തനതുവരുമാനം വർദ്ധിച്ചതോടെയാണ് കേരളത്തിന്ഇത് സാധ്യമാകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിച്ച് കൂടുതൽ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കണമെന്നും ജിജു പി അലക്സ് പറഞ്ഞു. തദ്ദേശ സ്വയംഭരണവകുപ്പ്, ആസൂത്രണ വകുപ്പ്, ജില്ലാ ആസൂത്രണ സമിതി, കില എന്നിവർ ചേർന്നാണ് പരിശീലനം സംഘടിപ്പിച്ചത്.

## സപ്ലൈകോയിൽ ശബരി സബ്സിഡി വെളിച്ചെണ്ണയുടെ വില താഴേക്ക്

തൃശ്ശൂർ :സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ശബരി വെളിച്ചെണ്ണയുടെ വിലയിൽ കുറവ് വരുത്തി. പുതിയ നിരക്ക് പ്രകാരം ഉപഭോക്താക്കൾക്ക് ഒരു ലിറ്റർ ശബരി വെളിച്ചെണ്ണ സബ്സിഡിയോടെ 289 രൂപയ്ക്കും സബ്സിഡിയില്ലാതെ 309 രൂപയ്ക്കും ലഭ്യമാകും. നേരത്തെ 329 രൂപയായിരുന്നു വില. സംസ്ഥാനത്ത് സപ്ലൈകോ വഴി വിതരണം ചെയ്യുന്ന വില പരിഷ്കരിച്ചുകൊണ്ട് പൊതുവിതരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലാണ് വെളിച്ചെണ്ണയുടെ വിലയും കുറച്ചത്. പൊതുവിതരണ വിപണിയിലെ വിലക്കയറ്റം പരിഗണിച്ചാണ് സബ്സിഡി നിരക്കുകളിൽ മാറ്റം വരുത്തിയത്.

## ദ്വിദിന അന്താരാഷ്ട്ര സമ്മേളനം



ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളേജ് സൈക്കോളജി വിഭാഗം സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര സമ്മേളനം (സൈനർജി 2k26) ഉദ്ഘാടനം നിർവഹിച്ചു. കോൺഫറൻസ് കൺവീനറും സൈക്കോളജി വിഭാഗം അധ്യക്ഷയുമായ ഡോ.രമ്യ ചിത്രൻ സ്വാഗത പ്രസംഗം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസ്സി ഉദ്ഘാടന കർമ്മവും അധ്യക്ഷതയും നിർവഹിച്ചു. സെൽഫ് ഫിനാൻസിങ് കോർഡിനേറ്ററായ ഡോ. സിസ്റ്റർ റോസ് ബാസ്റ്റിൻ, ഐ. ക്യു.എ.സി കോർഡിനേറ്ററായ ഡോ.ബിനു ടി.വി എന്നിവർ ആശംസകൾ അർപ്പിച്ചു. അസോസിയേഷൻ സെക്രട്ടറിയായ മിസ്സ്. അന്ന റോസ് നന്ദി അറിയിച്ചു.

യു.എസ്.എയിലെ കാലിഫോർനിയയിൽ ക്ലിനിക്കൽ ബിഹേവിയർ അനാലിസിസ് ട്രെയിനറായ ഡോ. നീലിമ നിർമൽ കുമാർ ഇൻട്രോഡക്ഷൻ ഓഫ് എ ബി എ ആൻഡ് സ്കോപ്പ്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. കൂടാതെ കാനഡയിലെ ഓണ്ടാറിയോയിൽ നിന്നുള്ള സൈക്കോളജിസ്റ്റും അഡിക്ഷൻ സ്പെഷലിസ്റ്റുംമായ സൈക്കോതെറാപ്പിസ്റ്റ് മിസ്സ്. ക്രിസ്റ്റീന ബാബു ക്ലിനിക്കൽ പ്രാക്ടീസിൽ സി ബി ടി ഉപയോഗത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.ഇതോടൊപ്പം രണ്ടാം ദിവസം ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കുന്നതിനായി ഭകോൾ ഫോർ പേപ്പേഴ്സ്' സംഘടിപ്പിച്ചിരുന്നു.



പൊറത്തിശ്ശേരി ശ്രീ കല്ലട ഭഗവതി ക്ഷേത്രത്തിൽ ഇന്ന് രാവിലെ നടന്ന നടത്തുറപ്പും പൊങ്കാല സമർപ്പണവും ക്ഷേത്രം മേൽശാന്തി ശ്രീ സനീഷ് , ക്ഷേത്രം ഭരണസമിതി പ്രസിഡണ്ട് ശ്രീ ആനന്ദൻ എടയ്ക്കാട്ടുപറമ്പിൽ, സെക്രട്ടറി ബിജോയ് തൈവളപ്പിൽ, ട്രഷറർ ജോജി ജനാർദ്ധനൻ എന്നിവർ നേതൃത്വം നൽകി

## വഞ്ചന ദിനം ആചരിച്ചു




തൃശൂർ: ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം തൃശൂർ ജില്ലാ കോർട്ട് കോംപ്ലക്സിൽ അയ്യന്തോൾ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വഞ്ചന ദിനം ആചരിച്ചു. സംസ്ഥാന ബഡ്ജറ്റിൽ അഭിഭാഷക ക്ഷേമനിധി തുക ഘട്ടംഘട്ടമായി 20 ലക്ഷമാക്കി വർദ്ധിപ്പിക്കുമെന്ന പ്രസ്താവന അഭിഭാഷകരോടുള്ള വഞ്ചനയാണെന്നും ഇലക്ഷൻ മുൻനിർത്തിയുള്ള പ്രചാരണ തന്ത്രം മാത്രമാണെന്നും യോഗം അഭിപ്രായപെട്ടു. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും ഒരു രൂപ പോലും നാളിതുവരെ നൽകാതെ സംസ്ഥാന സർക്കാർ അഭിഭാഷകരെ വഞ്ചിച്ചെന്നും യോഗം വിലയിരുത്തി. ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് അഡ്വ അജി എസ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് അഡ്വ സി ടി ഷാജി അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് ഭാരവാഹികളായ ജോസ് മേച്ചേരി, സുശീൽ വി ജി, സുരേഷ് പി എൻ, മനീഷ് ആർ, വിൽസൺ പി എഫ്, പ്രീത ആർ എന്നിവർ പ്രസംഗിച്ചു

## മദ്യപരായ യുവ നേതാക്കൾ മറ്റ് തിന്മകളിലേക്കും പ്രവേശിക്കും: മുൻ മന്ത്രി വി സി കബീർ



തൃശൂർ: മദ്യപരായ യുവ നേതാക്കൾ മറ്റ് തിന്മകളിലേക്കും പ്രവേശിക്കും. അത് കേരളത്തെ സർവ്വ നാശത്തിലേക്ക് നയിക്കുകയും ചെയ്യുമെന്ന് മുൻ മന്ത്രിയും ഗാന്ധിദർശൻ സമിതി സംസ്ഥാന ചെയർമാനുമായ വി സി കബീർ മാസ്റ്റർ പ്രസ്താവിച്ചു.

ലഹരിവിമുക്ത കേരളത്തിന് വേണ്ടി ഇക്കൊല്ലം 108 മണിക്കൂർ ഉപവസിച്ച മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫിന് നാരങ്ങാനീര് നൽകി ഉപവാസം അവസാനിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന ട്രഷറർ അബ്ദുൽ റഷീദ് അദ്ധ്യക്ഷനായിരുന്നു.

കേരളം യാതൊരു നിയന്ത്രണവും ഇല്ലാതെ ലഹരിവസ്തുക്കളുടെ പിടിയിൽ അമരുകയാണ്. അതോടൊപ്പം മറ്റു കുറ്റകൃത്യങ്ങളും പെരുകുന്നു ഇത് ഭയാനകമായ തകർച്ചയിലേക്കാണ് കേരളത്തെ കൊണ്ടെത്തിക്കുക. അത് തടയുവാൻ സ്വന്തം പാർട്ടിയിലെ യുക്കളെ പ്രാഥമികമായി മദ്യവും മറ്റു ലഹരിവസ്തുക്കളിൽനിന്നും അകന്നു നിൽക്കുവാൻ നിർബന്ധിക്കണമെന്ന് വി സി കബീർ മാസ്റ്റർ പറഞ്ഞു.

കെസിബിസി മദ്യലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത ഡയറക്ടർ റവ ഫാ ദേവസി പന്തല്ലൂക്കാരൻ അനുഗ്രഹ പ്രഭാഷണം നടത്തി. വെൽഫെയർ പാർട്ടി സംസ്ഥാന സെക്രട്ടറി പ്രേമ ജി പിഷാരടി മുഖ്യ പ്രഭാഷണം നടത്തി. മഹിളാ കോൺഗ്രസ് നേതാവ് ലീലാമ്മ തോമസ്, പ്രമുഖ പത്രപ്രവർത്തകൻ എൻ ശ്രീകുമാർ, ഡിസിസി ജനറൽ സെക്രട്ടറി ബി ഗീത, എൻ പി രാമകൃഷ്ണൻ, ചേമ്പൂരി രാധാകൃഷ്ണൻ, കമറുദ്ദീൻ കെ പി, ദിനു മൊട്ടമ്മൽ, ബേബി കണ്ണംപടത്തി, പോൾ ചെവിടൻ തുടങ്ങിയവർ പ്രസംഗിച്ചു



പുത്തൂർ - -കൈനൂർ ഉണർവ് വയോജന ക്ഷേമ സമിതി വാർഷിക യോഗത്തിൽ, വയോജന ആദരം പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു സേതുമാധവൻ നിർവഹിച്ചപ്പോൾ

## അപേക്ഷ ക്ഷണിച്ചു

കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫെബ്രുവരി മാസം ആരംഭിക്കുന്ന മോണ്ടിസ്സോറി, പ്രീ- പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. രണ്ടു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള കോഴ്സുകളിലേക്ക് ഡിഗ്രി/ പ്ലസ് ടു/ എസ്.എസ്.എൽ.സി യോഗ്യതയുള്ള വനിതകൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 7994449314.

## മൃദംഗമേള ഭജൻസ് ശ്രദ്ധേയമായി



ഇരിഞ്ഞാലക്കുട:പൂമംഗലം ശ്രീ വെങ്ങോട്ടുംപിള്ളി ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാ ദിനത്തോടനുബന്ധിച്ചു ഇരിഞ്ഞാലക്കുട കോരമ്പ് മൃദംഗ കളരി യുടെ ആഭിമുഖ്യത്തിൽ അവതരിപ്പിച്ച മൃദംഗമേള ഭജൻസ് പ്രത്യേകതയായി. സ്വതവേ ഒന്ന് രണ്ടു താള വാദ്യോപകരണങ്ങൾ ആണ് ഭജനകൾക്കു കണ്ടു വരാറ്. കളരിയിലെ 8 വയസ്സുകാരായ രുദ്ര തീർഥ്, രുദ്രദേവ്, ശ്രീഹരി എന്നിവരുടെ നേതൃത്വത്തിൽ അതും 12 വയസ്സുവരെയുള്ള പതിമൂന്നോളം കൊച്ചു മൃദംഗം കലാകാരന്മാർ, 10 വയസ്സ് മുതലുള്ള 13 അംഗ വെങ്ങോട്ടുംപിള്ളി ഭജനസംഘത്തോടൊപ്പം ചേർന്ന് അവതരിപ്പിച്ച മൃദംഗമേള ഭജൻസ് നിറഞ്ഞ സദസ്സിലെ പ്രേക്ഷകകർക്ക്അത്ഭുതവും ആനന്ദവും ഉളവാക്കി, കൂടാതെ കൊരമ്പ് മൃദംഗ കളരിയിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച മൃദംഗ മേളയും അരങ്ങേറി,. ഒരു മണിക്കൂർ നീണ്ടു നിന്ന പരിപാടിച്ചു കളരിയിലെ അധ്യാപകൻ വിക്രമൻ നമ്പൂതിരി നേതൃത്വം നൽകി


### കോടതി പരസ്യം

### ജോയിൻറ് ചിട്ടി റജിസ്ട്രാർ/നോമിനി ഓഫ് ചിട്ടി റജിസ്ട്രാർ, ഉത്തരമദ്ധ്യ മേഖല, തൃശ്ശൂർ-20

**ആർബിട്രേഷൻ ഹർജി നമ്പർ - 1149/2025 & 1150/2025**

Family Supermarket, Kundaliyur P.O., Represented by Managing Partner, Thomas P.J., S/o Puthoor Jacob, Kundaliyur P.O., PIN-680 616, Chavakkad Taluk, Thrissur District.

-Petitioner

1) Karatt Kuries India Pvt. Ltd., Reg. Office - Kooriyad, Kalappad Complex, Vengara Road, Malappuram District-676 306. Represented by Managing Director, Santhosh Kizhekkethil Rajanpillai.
2) Santhosh Kizhekkethil Rajanpillai, Managing Director, Karatt Kuries India Pvt. Ltd., Reg. Office: Kooriyad, Kalappad Complex, Vengara Road, Malappuram District-676 306.
3)Mubasheer Paloli, Director, Karatt Kuries India Pvt. Ltd., Reg. Office-Kooriyad, Kalappad Complex, Vengara Road, Malappuram District-676 306.

-Respondents

മേൽ നമ്പർ കേസുകളിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ച് നടത്താൻ കൽപ്പിച്ച് മേൽ നമ്പർ കേസുകൾ **12/02/2026** തിയ്യതി വച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു: ജോയിന്റ് ചിട്ടി രജിസ്ട്രാർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസുകൾ തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 2026 ഫെബ്രുവരി മാസം 2 ന്
ഹർജിക്കാരൻ: **തോമസ് പി. ജെ (ഒപ്പ്)**

### കോടതി പരസ്യം

### ജോയിൻറ് ചിട്ടി റജിസ്ട്രാർ/നോമിനി ഓഫ് ചിട്ടി റജിസ്ട്രാർ, ഉത്തരമദ്ധ്യ മേഖല, തൃശ്ശൂർ-20

**ആർബിട്രേഷൻ ഹർജി നമ്പർ - 1151/2025**

Rasin P R., S/o. Raphel P.V., Purathur Kittan House, Engandiyur P.O., PIN-680 615, Chavakkad Taluk, Thrissur District.

-Petitioner

1) Karatt Kuries India Pvt. Ltd., Reg. Office - Kooriyad, Kalappad Complex, Vengara Road, Malappuram District-676 306. Represented by Managing Director, Santhosh Kizhekkethil Rajanpillai.
2) Santhosh Kizhekkethil Rajanpillai, Managing Director, Karatt Kuries India Pvt. Ltd., Reg. Office: Kooriyad, Kalappad Complex, Vengara Road, Malappuram District-676 306.
3) Mubasheer Paloli, Director, Karatt Kuries India Pvt. Ltd., Reg. Office-Kooriyad, Kalappad Complex, Vengara Road, Malappuram District-676 306.

-Respondents

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ച് നടത്താൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **12/02/2026** തിയ്യതി വച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു: ജോയിന്റ് ചിട്ടി രജിസ്ട്രാർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസുകൾ തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 2026 ഫെബ്രുവരി മാസം 2 ന്
ഹർജിക്കാരൻ: **റാസിൻ പി. ആർ (ഒപ്പ്)**

### VEHICLES FOR SALE

**SHRIRAM FINANCE LTD.**
1st Floor, Pauls Arcade,
Ollukkara P.O.,
**MANNUTHY, PIN: 680651**

| Vehicle No | Vehicle Description | Year of manufacturing |
|---|---|---|
| 1. KL 08 CC 8900 | TATA LPT 1816 BS6 FBT | 2024 MODEL |
| 2. KL 08 CB 2900 | TATA LPT 1616 BS6 FBT | 2023 MODEL |

### കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

EP: 1421/2025
OS: 1196/2011

രാമചന്ദ്രൻ
-ഹരജിക്കാരൻ

മുകുന്ദപുരം താലൂക്ക് നെല്ലായി വില്ലേജിൽ വയലൂർ ദേശത്ത് നെല്ലായി പടിഞ്ഞാറെ മഠത്തിൽ എന്ന വയലൂർ മഠത്തിൽ സുബ്രഹ്മണ്യ അയ്യർ മകൾ വിജയം
2) ടി യിൽ ടി സുബ്രഹ്മണ്യ അയ്യർ മകൻ രാമചന്ദ്രൻ
3) ടി യിൽ സുരേഷ് ഭാര്യ അഞ്ജു സുരേഷ്

-1, 2, 4 എതൃകക്ഷികൾ

മേൽ നമ്പറിൽ 1, 2, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **09-03-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ടി ഹരജിയിൽ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 20-11-2025
ഹരജിഭാഗം അഡ്വക്കേറ്റ്
**പി. മധുസൂദന മേനോൻ**
(ഒപ്പ്)